**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**

തീയതി : 31.01.2026

## പ്രസിദ്ധീകരണത്തിന്

## 1. ദേശീയ സെമിനാർ സംഘടിപ്പിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ സോഷ്യൽ വർക്ക് വിഭാഗവും സാമൂഹ്യനീതി വകുപ്പും ചേർന്ന് ദേശീയ സെമിനാർ സംഘടിപ്പിച്ചു. "ശിക്ഷയ്ക്കപ്പുറം: നീതി, പുനരധിവാസം, സാമൂഹിക പുനഃരേകീകരണം എന്നിവയ്ക്കായി തിരുത്തൽ ഭരണകൂടത്തെ (Correctional Administration) പുനർവിചിന്തനം ചെയ്യുന്നു", എന്നതായിരുന്നു സെമിനാറിന്റെ പ്രമേയം. സീനിയർ സിവിൽ ജഡ്ജിയും എറണാകുളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറിയുമായ രജിത. ആർ. ആർ. ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു. സോഷ്യൽ വർക്ക് വിഭാഗം മേധാവി ഡോ. ജോസ് ആന്റണി അധ്യക്ഷനായിരുന്നു. പ്രൊഫ. ടി. എച്ച്. അൻസാർ (അക്കാഡമി ഓഫ് പ്രിസൺസ് ആൻഡ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ, വെല്ലൂർ), ബെൻസൺ ഡേവിസ് (ജില്ല പ്രൊബേഷൻ ഓഫീസർ, എറണാകുളം), റവ. ഡോ. ഫ്രാൻസിസ് കൊടിയൻ എം. സി. ബി. എസ്. (സഹസ്ഥാപകൻ നാഷണൽ കോർഡിനേറ്റർ, പ്രിസൺ മിനിസ്ട്രി ഓഫ് ഇന്ത്യ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സോഷ്യൽ വർക്ക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. രേഷ്മ ഭരദ്വാജ്, അമിത എസ്. എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ സോഷ്യൽ വർക്ക് വിഭാഗവും സാമൂഹ്യനീതി വകുപ്പും ചേർന്ന് യൂട്ടിലിറ്റി സെന്ററിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ സീനിയർ സിവിൽ ജഡ്ജിയും എറണാകുളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറിയുമായ രജിത ആർ. ആർ. ഉദ്ഘാടനം ചെയ്യുന്നു. സോഷ്യൽ വർക്ക് വിഭാഗം മേധാവി ഡോ. ജോസ് ആന്റണി, പ്രൊഫ. ടി. എച്ച്. അൻസാർ, ബെൻസൺ ഡേവിസ്, റവ. ഡോ. ഫ്രാൻസിസ് കൊടിയൻ എം. സി. ബി. എസ്., ഡോ. രേഷ്മ ഭരദ്വാജ് എന്നിവർ സമീപം.

## 2. പ്രഭാഷണ പരമ്പര തുടങ്ങി

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ സോഷ്യൽ വർക്ക് വിഭാഗം സംഘടിപ്പിക്കുന്ന എക്സ്റ്റൻഷൻ ലെക്ചർ സീരിസ് ആരംഭിച്ചു. "സ്കൂൾ കൗൺസിലിംഗിലെ കരിയർ: സാധ്യതകളും വെല്ലുവിളികളും" എന്ന വിഷയത്തെ ആസ്പദമാക്കി എറണാകുളം ജില്ലാ വനിതാ ശിശു വികസന വകുപ്പിലെ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർ കവിത എസ്. പ്രഭാഷണം നടത്തി. സോഷ്യൽ വർക്ക് വിഭാഗം മേധാവി ഡോ. ജോസ് ആന്റണി അദ്ധ്യക്ഷനായിരുന്നു. ഡോ. സുജീഷ് എം. കെ., ഐശ്വര്യ എൻ. എം. എന്നിവർ പ്രസംഗിച്ചു.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
**ഫോൺ നം. 9447123075**